(1)	(2)
കോട്ടയം	2339
കോഴിക്കോട്	4113
മലപ്പുറം	532
പാലക്കാട്	2363
പത്തനംതിട്ട	637
തിരുവനന്തപുരം	5263
തൃശ്ശൂർ	4505
വയനാട്	242
ആകെ	27171

(ബി) എച്ച്.ഐ.വി. ബാധിതർക്ക് കേരള സംസ്ഥാന എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖാന്തരം പ്രതിമാസം നാനൂറ് (400) രൂപ ധനസഹായവും നൂറ്റി ഇരുപത് (120) രൂപ യാത്രാപടിയും ഉൾപ്പെടെ അഞ്ഞൂറ്റി ഇരുപത് (520) രൂപ നൽകിവരുന്നു.

Anti Retroviral ചികിത്സ ആവശ്യമുള്ള എയ്ഡ്സ് രോഗികൾക്ക് പത്ത് എ.ആർ.ടി കേന്ദ്രങ്ങളും പതിമൂന്ന് ലിങ്ക് എ.ആർ.ടി കേന്ദ്രങ്ങളുവഴി സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. അതോടൊപ്പം അവസരജന്യ രോഗങ്ങളായ ക്ഷയരോഗം, ന്യൂമോണിയ, പൂപ്പൽ മുതലായ രോഗങ്ങൾക്കുള്ള മരുന്നുകളും സൗജന്യമായി നൽകുന്നുണ്ട്.

(സി) ഉണ്ട്. നാനൂറ് (400) രൂപ ധനസഹായവും നൂറ്റി ഇരുപത് (120) രൂപ യാത്രാപടിയും എന്ന നിരക്കിൽ അഞ്ഞൂറ്റി ഇരുപത് (520) രൂപ വീതം പ്രതിമാസം നൽകുന്നുണ്ട്. പെൻഷൻ കുടിശ്ശികയുണ്ട്. 2014 ജനുവരി മുതൽ കുടിശ്ശികയുണ്ട്.

ആരോഗ്യ കിരണം പദ്ധതി

9 (4812) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) ആരോഗ്യ കിരണം പദ്ധതി എന്നു മുതലാണ് സംസ്ഥാനത്തു നടപ്പിലാക്കിയത്;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു;

(സി) ഓരോ സാമ്പത്തിക വർഷവും പദ്ധതിക്കായി എത്ര തുകയാണ് സംസ്ഥാന വിഹിതമായി വകയിരുത്തിയത്;

(ഡി) എത്ര ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചു?

ഉത്തരം

(എ) ആരോഗ്യകിരണം പദ്ധതി 2013 ഒക്ടോബർ 2 -ന് തുടക്കം കുറിച്ചു.

(ബി) ഉദ്ദേശലക്ഷ്യം

ജനനം മുതൽ 18 വയസുവരെയുള്ള കുട്ടികൾക്ക് എല്ലാവിധ രോഗങ്ങളുടെയും ചികിത്സ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ചികിത്സാ ചെലവുകൾ കാരണം കഷ്ടപ്പെടുന്ന അനേകായിരം കുടുംബങ്ങൾക്ക് ആശ്വാസം നൽകുന്നു.

പ്രവർത്തനരീതി

സംസ്ഥാനത്ത് ആരോഗ്യകിരണം പദ്ധതി നടപ്പിലാക്കുന്നത് കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനങ്ങൾ നടപ്പിലാക്കിയിട്ടുള്ള ആർ.ബി. എസ്.കെ (രാഷ്ട്രീയ ബാൽ സ്വാസ്ഥ്യകാര്യക്രം) പദ്ധതിക്ക് സമാനമായ രീതിയിലാണ്. ആർ.ബി.എസ്.കെ പദ്ധതി കേന്ദ്രഗവൺമെന്റ് സഹായത്തോടെ ദേശീയ ആരോഗ്യ ദൗത്യം നടപ്പിലാക്കുന്ന പദ്ധതിയാണ്. പ്രസ്തുത പദ്ധതി പ്രകാരം കുട്ടികളിൽ കൂടുതലായും കണ്ടുവരുന്ന 30 അസുഖങ്ങൾക്കുള്ള പരിശോധനയും ശസ്ത്രക്രീയ ഉൾപ്പെടെയുള്ള എല്ലാവിധ ചികിത്സയും തീർത്തും സൗജന്യമാണ്. ആയതിനാൽ ആരോഗ്യകിരണം പദ്ധതി 30 അസുഖങ്ങൾക്ക് പുറമേയുള്ളവയെ ഉദ്ദേശിച്ചാണ്.

സർക്കാർ ആശുപത്രികളിൽ മേൽപ്പറഞ്ഞ രണ്ട് പദ്ധതികളുടെ നടത്തിപ്പിന്റെ ഭാഗമായ പ്രത്യേക ബാങ്ക് അക്കൗണ്ടുകൾ നിലവിലുണ്ട്. പദ്ധതിക്ക് ആവശ്യമായി വരുന്ന തുക ആരോഗ്യകേരളം ജില്ലാ ഓഫീസുകൾവഴി അതാത് ആശുപത്രികളിൽ ലഭ്യമാകുന്നു. ആശുപത്രികളിൽ ചികിത്സയ്ക്കായി വരുന്ന 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും ഒ.പി. ടിക്കറ്റ് മുതൽ എല്ലാ സേവനങ്ങളും തികച്ചും

LIBRARY ARCHIVES Kerala Legislative Assembly

സൗജന്യമായിരിക്കും. രോഗികൾക്കുള്ള മരുന്നുകൾ ആശുപത്രികളിൽ ലഭ്യമാണെന്ന് ഉറപ്പുവരുത്താനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ഏതെങ്കിലും ലാബ് പരിശോധനകൾക്ക് അതാത് ആശുപത്രികളിൽ സംവിധാനം ഇല്ലാത്തപക്ഷം അവ ആർ.എസ്.ബി.വൈ പദ്ധതിയിൽ എംപാനൽ ചെയ്ത ലാബുകളിൽ നിന്നും ചെയ്യുകൊടുക്കപ്പെടും. സമാനരീതിയിൽ ആശുപത്രികളിൽ ലഭ്യമല്ലാത്ത മരുന്നുകൾ കാരുണ്യ, നീതി സപ്ലൈകോ ഫാർമസി, എച്ച്.ഡി.സി/എച്ച്.എം.സി നടത്തുന്ന ഫാർമസികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമാക്കാവുന്നതാണ്. ഇങ്ങനെ എംപാനൽ ചെയ്ത സ്ഥാപനങ്ങൾക്കുള്ള തുക ആർ.ബി.എസ്.കെ/ആരോഗ്യ കിരണം ഫണ്ടിൽ നിന്നും നേരിട്ട് നൽകുന്നതാണ്. ആശുപത്രികൾ തമ്മിലുള്ള ആംബുലൻസ് സംവിധാനത്തിനുള്ള ചെലവും പദ്ധതിപ്രകാരം സൗജന്യമാണ്.

ഈ പദ്ധതി എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ എല്ലാവർക്കും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. എന്നാൽ സർക്കാർ ജീവനക്കാരുടെ ആശ്രിതർക്കും വരുമാന നികുതി അടയ്ക്കുന്നവർക്കും ഈ പദ്ധതി ബാധകമല്ല.

(സി)

1. 2013-14 സാമ്പത്തിക വർഷം 9-12-2013-ലെ സ.ഉ.(എംഎസ്) നം.476/2013/ആ.കു.വ പ്രകാരം 12.87 കോടി രൂപ പദ്ധതിക്കായി വകയിരുത്തുകയുണ്ടായി. അതിൻപ്രകാരം 27-3-2015-ലെ സ.ഉ (സാധാ) നം.1040/ 2015/ ആ.ക.വ പ്രകാരം 12.87 കോടി രൂപ പദ്ധതി നടത്തിപ്പിലേയ്ക്കായി ദേശീയ ആരോഗ്യദൗത്യത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

2. 2014-15 സാമ്പത്തിക വർഷം 10 കോടി രൂപ പദ്ധതിക്കായി വകയിരുത്തി. 9-7-2014-ലെ സ (സാധാ) നം.2332/2014/ആ.ക.വ പ്രകാരം 5 കോടി രൂപ സ്റ്റേറ്റ് പ്ലാൻ ഫണ്ടായും 5 കോടി രൂപ കേന്ദ്രവിഹിതത്തിൽപ്പെടുത്തിയും അനുവദിച്ചു. ഇതിൽ സ്റ്റേറ്റ് പ്ലാനിൽ അനുവദിച്ച 5 കോടി രൂപ പദ്ധതി നടത്തിപ്പിനായി ദേശീയ ആരോഗ്യ ദൗത്യത്തിന് നൽകുകയും മുഴുവൻ തുകയും ജില്ലകൾക്ക് ആവശ്യാനുസരണം നൽകുകയുമുണ്ടായി. ഈ തുക മുഴുവനായും ജില്ലകൾ ചെലവഴിച്ചുകഴിഞ്ഞു. one Time Additional Central Assistance -ൽ ഉൾപ്പെടുത്തി തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

3. 2015-16 സാമ്പത്തിക വർഷം 15 കോടി രൂപ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. തുക അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ഡി) ആരോഗ്യകിരണം പദ്ധതി ആരംഭിച്ചതുമുതൽ 2015 മേയ് 31 വരെ 50,87,046 കുട്ടികൾക്ക് വിവിധ ചികിത്സാസേവനങ്ങൾ ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly